**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2611** **04-03-2025 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ വൈദ്യുതി ബോർഡിന്റെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ വോൾട്ടേജ് കുറവുൾപ്പടെയുള്ള വൈദ്യുതി വിതരണ രംഗത്തെ പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നതിന് വൈദ്യുതി ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഉണ്ട്. മലപ്പുറം ജില്ലയിലെ വൈദ്യുതി വിതരണ മേഖലയിലെ പ്രതിസന്ധികൾ തരണം ചെയ്യുന്നതിനും, സമഗ്ര പുരോഗതി കൈവരിയ്ക്കുന്നതിനും ലക്ഷ്യമിട്ട് പ്രഖ്യാപിച്ച മലപ്പുറം പാക്കേജിൽ 410.93 കോടി രൂപയുടെ വർക്കുകളാണ് 2024-25, 2025-26, 2026-27 വർഷങ്ങളിലേയ്ക്കായി വകയിരുത്തിയിരിക്കുന്നത്. 165.26 കോടി രൂപയുടെ പ്രവൃത്തികളാണ് 2024-25 സാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയിട്ടുള്ളത്. ഇതിൽ 55.3 കോടി രൂപയുടെ പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും, ബാക്കിയുള്ള പ്രവൃത്തികളുടെ ടെണ്ടർ പുരോഗതിയിലുമാണ്.<br><br>ജില്ലയുടെ വിവിധ ഭാഗങ്ങളിലായി പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കൽ ഏരിയൽ ബഞ്ച്ഡ് കേബിൾ/കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് ഹൈ ടെൻഷൻ ലൈൻ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ഹൈ ടെൻഷൻ ലൈനിലെ പഴയ കമ്പികൾ മാറ്റി ഏരിയൽ ബഞ്ച്ഡ് കേബിൾ/ കവേർഡ് കണ്ടക്ടർ ഉപയോഗിച്ചുകൊണ്ട് പുതിയ ലൈൻ നിർമ്മിക്കുന്ന പ്രവൃത്തികൾ, ലോ ടെൻഷൻ ലൈനുകളുമായി ബന്ധപ്പെട്ട വിവിധ പ്രവൃത്തികൾ എന്നിവ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതികൾ 2024-25, 2025-26, 2026-27 എന്നിങ്ങനെ മൂന്ന് വർഷങ്ങളായി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ഈ പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ; | (ബി) | ഉണ്ട്. മലപ്പുറം ജില്ലയിലെ വൈദ്യുതി വിതരണ മേഖലയിലെ പ്രതിസന്ധികൾ തരണം ചെയ്യുന്നതിനും, സമഗ്ര പുരോഗതി കൈവരിയ്ക്കുന്നതിനും ലക്ഷ്യമിട്ട് പ്രഖ്യാപിച്ച മലപ്പുറം പാക്കേജിൽ 410.93 കോടി രൂപയുടെ വർക്കുകളാണ് 2024-25, 2025-26, 2026-27 വർഷങ്ങളിലേയ്ക്കായി |

| | | | |
|---|---|---|---|
| | | | വകയിരുത്തിയിരിക്കുന്നത്. 165.26 കോടി രൂപയുടെ പ്രവൃത്തികളാണ് 2024-25 സാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയിട്ടുള്ളത്. ഇതിൽ 55.3 കോടി രൂപയുടെ പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും, ബാക്കിയുള്ള പ്രവൃത്തികളുടെ ടെണ്ടർ പുരോഗതിയിലുമാണ്.<br><br>ജില്ലയുടെ വിവിധ ഭാഗങ്ങളിലായി പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കൽ ഏരിയൽ ബഞ്ച്ഡ് കേബിൾ/കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് ഹൈ ടെൻഷൻ ലൈൻ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ഹൈ ടെൻഷൻ ലൈനിലെ പഴയ കമ്പികൾ മാറ്റി ഏരിയൽ ബഞ്ച്ഡ് കേബിൾ/ കവേർഡ് കണ്ടക്ടർ ഉപയോഗിച്ചുകൊണ്ട് പുതിയ ലൈൻ നിർമ്മിക്കുന്ന പ്രവൃത്തികൾ, ലോ ടെൻഷൻ ലൈനുകളുമായി ബന്ധപ്പെട്ട വിവിധ പ്രവൃത്തികൾ എന്നിവ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതികൾ 2024-25, 2025-26, 2026-27 എന്നിങ്ങനെ മൂന്ന് വർഷങ്ങളായി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഈ വർഷം നടപ്പിലാക്കുന്നതിനുള്ള എത്ര പദ്ധതികളാണ് ടെണ്ടർ ചെയ്തിട്ടുള്ളതെന്നും അവ ഏതെല്ലാം നിയോജക മണ്ഡലങ്ങളിലാണെന്നും അറിയിക്കുമോ; അവയുടെ ടെണ്ടർ തീയതി, പദ്ധതി തുക തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | ഈ വർഷം നടപ്പാക്കാൻ ലക്ഷ്യമിടുന്ന മലപ്പുറം സ്പെഷ്യൽ പാക്കേജിലെ 23 പാക്കേജുകളിൽ 4 പാക്കേജുകൾ (5.89 കോടി രൂപ) ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. ബാക്കിയുള്ളവയുടെ ടെൻഡർ തീയതി, പദ്ധതി തുക, നിയോജക മണ്ഡലം എന്നീ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പദ്ധതികളുടെ ടെണ്ടർ നൽകിയിട്ടും പ്രവൃത്തി തുടങ്ങാതെ കാലതാമസം വരുത്തുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (ഡി) | കാലതാമസമില്ല. നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നു. |
| (ഇ) | കടുത്ത വേനലിൽ വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിനായി പ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | കടുത്ത വേനലിൽ വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിനായി പുതിയ ഫീഡറുകൾ വലിക്കുകയും നിലവിലുള്ളവ റീ-അറേഞ്ച് ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Sl. No | Amount (Rs. In Lakhs) | Tender date | Name of Constituency under which these works are included. |
|---|---|---|---|
| 1 | 887.5 | 07.11.2024 | Kondotty,Ernad, Wandoor,Manjeri, Perinthalmanna,Mankada,Malappuram, Vallikkunnu |
| 2 | 834.07 | 07.11.2024 | Kondotty, Ernad, Manjeri, Perinthalmanna, Mankada, Malappuram |
| 3 | 982.73 | 20.01.2025 | Kondotty, Wandoor, Manjeri,Mankada, Malappuram |
| 4 | 728.52 | 23.11.2024 | Manjeri, Perinthalmanna,Mankada |
| 5 | 664.45 | 12.12.2024 | Manjeri,Perinthalmanna,Mankada |
| 6 | 989.38 | 06.12.2024 | Kondotty,Ernad,,Vallikkunnu |
| 7 | 292.04 | 23.12.2024 | Manjeri, Mankada,Malappuram, Kottakkal |
| 8 | 226.85 | 20.01.2025 | Kondotty,Ernad,Malappuram, Vallikkunnu |
| 9 | 130.36 | 21.12.2024 | Perinthalmanna,Mankada |
| 10 | 769.29 | 23.01.2025 | Manjeri,Mankada,Malappuram |
| 11 | 367.83 | 23.12.2024 | Kondotty,Ernad, Perinthalmanna, Mankada,Malappuram |
| 12 | 326.32 | 15.10.2024 | Nilambur, Wandoor, Manjeri, Ernad, Perinthalmanna |
| 13 | 583.12 | 20.12.2024 | Nilambur, Wandoor, Manjeri, Ernad, Perinthalmanna |
| 14 | 142.54 | 05.02.2025 | Nilambur |
| 15 | 10.84 | 25.01.2025 | Nilambur |
| 16 | 46.82 | 18.01.2025 | Ernad |
| 17 | 341.86 | 24.01.2025 (retendered on 19.02.2025) | Nilambur |
| 18 | 267.65 | 20.01.2025, Retendered on 18.02.2025 | Manjeri, Wandoor, Eranadu, Perinthalmanna |
| 19 | 1358 | 14.11.2024 | Tirur, Thirurangadi, Vallikkunnu, Tanur, Kottakkal, Tavanur, Ponnani, Vengara |